**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3058** **20.6.2014-ൽ മറുപടിക്ക്**

**"പാർട്ണർ കേരള" നിക്ഷേപക സംഗമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | "പാർട്ണർ കേരള" എന്ന പേരിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ രൂപംകൊണ്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിശദവിവരം നൽകുമോ ; | എ) | പാർട്ണർ കേരള നിക്ഷേപക സംഗമത്തിൽ രൂപം കൊണ്ട പദ്ധതികൾ സുഗമമായി നടപ്പിലാക്കുന്നതിനും ശുപാർശകൾ അംഗീകരിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സെക്രട്ടറി (അർബൻ) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപക സംഗമത്തിൽ തുടർചർച്ച നടത്താൻ തയ്യാറാണെന്ന് താല്പര്യപത്രം നല്കിയ നിക്ഷേപകരുമായി കൂടുതൽ ചർച്ചകൾ നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ ബന്ധപ്പെട്ട നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഇതു പ്രകാരം നടപ്പാക്കുന്ന പി.പി.പി. പദ്ധതികളിൽ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ചുള്ള നടപടിക്രമം എപ്രകാരമാണെന്ന് വിശദമാക്കുമോ ; | ബി) | പി.പി.പി പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭൂമിയുടെ ഉടമസ്ഥത കൈമാറുന്നില്ല. ഭൂമിയുടെ പൂർണ്ണ അവകാശം നഗരസഭയിൽ തന്നെ നിലനിൽക്കുന്നതാണ്. |
| സി) | പി.പി.പി. അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുമ്പോൾ നിക്ഷേപകർക്ക് എന്തെല്ലാം പരിരക്ഷകളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) | പി.പി.പി പദ്ധതികൾ നടപ്പിലാക്കാൻ മുന്നോട്ടു വരുന്ന നിക്ഷേപകർക്ക് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരിഗണനകൾ നല്കുന്നതിന് തീരുമാനിച്ചിട്ടില്ല.പദ്ധതിക്ക് വേണ്ടി തയ്യാറാക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിലും, തുടർന്ന് ടെണ്ടർ മുഖേന പദ്ധതി നടത്താനായി തെരഞ്ഞെടുക്കുന്ന നിക്ഷേപകനുമായി ഏർപ്പെടുന്ന കരാർ വ്യവസ്ഥയ്ക്കും വിധേയമായാണ് പദ്ധതി നടപ്പാക്കുന്നത്. |
| ഡി) | ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | ഡി) | രൂപപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ